**No.CEE/700/2017/5LLB-2017/TA2**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2017 – കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2017–ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരുടെ കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org**, **www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെയും അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിലാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

കാറ്റഗറി സംബന്ധിച്ച് പരാതികൾ ഉള്ളവർ തെളിവുകൾ സഹിതം രജിസ്ട്രേഡ് തപാൽ/ സ്പീഡ് പോസ്റ്റ് മുഖാന്തിരമോ, നേരിട്ടോ '**പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5–ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം–1**' എന്ന വിലാസത്തിൽ **26.07.2017 വൈകുന്നേരം 3 മണിക്കു** മുൻപായി സമർപ്പിക്കണം. പുതിയതായി കാറ്റഗറി ലഭിക്കുന്നതിനായി സമർപ്പിക്കുന്ന രേഖകൾ പരിഗണിക്കുന്നതല്ല.

സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ന്യൂനതകൾ ഉള്ള വിദ്യാർത്ഥികൾ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Memo'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ **2017 ജൂലൈ 26 വൈകുന്നേരം 3 മണി**യ്ക്ക് മുൻപായി ലഭ്യമായ ലിങ്ക് വഴി അപ്ലോഡ് ചെയ്യേണ്ടതാണ്.

തിരുവനന്തപുരം
19 .07.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**